MR. MOIDEEN KUNJU (*Karunagapalli II—Muslim*) : സർ, കഴിഞ്ഞ പ്രാവശ്യവും ഇതുപോലെതന്നെ, യൂനിവേഴ്സിറ്റി മജിസ്ട്രാർ കൺവീനറായും മറും ഒരു കമ്മിറ്റി ഈ കാര്യത്തെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടുചെയ്യണമെന്നു പറഞ്ഞതു് ഇതുവരെ ഒന്നും നടന്നിട്ടില്ല എന്നറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI : കമ്മിറ്റി ഉണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്നില്ല. ഒരു പ്രസ്താവന ചെയ്യാമെന്നു പറഞ്ഞു; ചെയ്തു; അത്രയേയുള്ളൂ.

DEMANDS FOR SUPPLEMENTARY GRANTS.

25. AGRICULTURE.

HON'BLE MR. T. K. NARAYANA PILLAI: Sir, I rise to move for a grant of Rs. 27,616 under the Head "25—Agriculture" under a new sub head "(t) Scheme for production of jute in Travancore" in the current year's budget for expenditure on account of the scheme.

തിരുവിതാംകൂറിൽ ജൂട്ടു് കൃഷി നടത്തുന്നതിന്റെ സാദ്ധ്യതയെപ്പറ്റി വേണ്ട അന്വേഷണങ്ങളും നടത്തിയതിന്റെ ഫലമായി തിരുവിതാംകൂറിൽ ജൂട്ട കൃഷി ചെയ്യുന്നതിനുള്ള സാദ്ധ്യതകളുണ്ടെന്നു ഇതിനകംതന്നെ ബഹുമാനപ്പെട്ട മെമ്പറന്മാർ അറിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു. വെസ്റ്റു് ബങ്കാളിൽചെന്നു, ഇതിനെക്കുറിച്ചു് അന്വേഷണം നടത്തിയതിന്റെ ഫലമായി ഈ കൃഷി ലാഭകരമായിരിക്കുമെന്നു ഗവണ്മെൻറു് വിശ്വസിക്കുന്നുവെന്നും, അതിനാൽ താമസിയാതെ തന്നെ അതു് ഇവിടെയും കൃഷി ചെയ്യാനുദ്ദേശിക്കുന്നുവെന്നും ഫൻർവ്വ അക്കോബർ ഫൻ-ാംനു- ഗവണ്മെൻറു് പ്രസ്സ്നോട്ടു് പുറപ്പെടുവിച്ചിട്ടുണ്ടു്. ഇതിന്റെ എല്ലാവശങ്ങളും റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ടു്. അതനുസരിച്ചുള്ള പ്രവർത്തനങ്ങളും നടത്തേണ്ടതു് ഇപ്പോൾ ആവശ്യമായിവന്നിട്ടുണ്ടു്. പരീക്ഷണാർത്ഥം ഈ കൃഷിനടത്തണമെന്നാണു് ഗവണ്മെൻറും ഉദ്ദേശിക്കുന്നതു്. അതിലേയ്ക്കാവശ്യമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ടതായിട്ടുണ്ടു്; വളം വേണ്ടവിധത്തിൽ വിതരണം ചെയ്യണം; ഇതിനും പുറമെ ബങ്കാളിൽ നിന്നും ഫീൽഡ് അസിസ്റ്റൻറന്മാർ നാലുപേരെ വരുത്തുന്നതാണെന്നും പ്രസ്സ് നോട്ടിൽതന്നെ പറഞ്ഞിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങിനെ പ്രത്യേക പരിശീലനം സിദ്ധിച്ചിട്ടുള്ളവരെ താൽക്കാലിക മായി വരുത്തി കൃഷിസംബന്ധമായ ജോലിയിൽ നിയമിക്കുന്നതിനും അതു കഴിഞ്ഞു തിരുവിതാംകൂറിലുള്ള ആളുകൾക്കു ഈ വിഷയത്തിൽ പ്രത്യേക പരിശീലനം നൽകുന്നതിനും സൗകര്യം നൽകണമെന്നാണു് ഗവണ്മെൻറിന്റെ ഉദ്ദേശം. ലോലാൻറിൽ ഈ കൃഷി നടത്താമെന്നാണു് ഇതിനെ സംബന്ധിച്ചു പറയാൻ അവകാശം ഉള്ളവരും, പഠിച്ചവരുമായ ആളുകൾ അഭിപ്രായപ്പെട്ടിട്ടുള്ളതു്. അങ്ങിനെ പരീക്ഷണാർത്ഥം ജൂട്ടു കൃഷിനടത്തുന്ന പക്ഷം ഇതിൽ നിന്നു കിട്ടുന്ന ആദായം വലുതായിരിക്കുമെന്നാണു് അവർ അഭിപ്രായപ്പെട്ടിട്ടുള്ളതു്. ആ സ്ഥിതിക്കു് ജൂട്ടു് കൃഷി ഇവിടെ നടപ്പിലാക്കുന്നതു് എല്ലാവിധത്തിലും ലാഭകരമായിരിക്കുമെന്നാണു് ഉദ്ദേശിക്കുന്നതു്. അതിലേക്കു വേണ്ടി ൫൭൦൦൦ രൂപാ സീഡ് അയക്കണമെന്നു ബംഗാൾ ഗവണ്മെൻറിലേക്കു് കമ്പിയടിച്ചിട്ടുണ്ടു്. അതുപോലെതന്നെ പ്രത്യേക പരിശീലനം സിദ്ധിച്ചിട്ടുള്ള നാലു് ഫീൽഡ് അസിസ്റ്റൻറന്മാരെ അയക്കുന്നതിനും അവരോടാവശ്യപ്പെട്ടിട്ടുണ്ടു്. അതുമാത്രമല്ല, ഇതു സംബന്ധിച്ചുണ്ടാകുന്ന ചെലവിൽ ഒരു പകുതി ബംഗാൾ ഗവണ്മെൻറിൽ നിന്നും വഹിക്കാമെന്നാണു് കരാറു്. എന്നാൽ ആദ്യമായി എല്ലാ ചെലവും നാം തന്നെ വഹിക്കണം. കൃഷി അവസാനിച്ചശേഷം മൊത്തത്തിലുള്ള ചെലവിൻറെ കണക്കു കൊടുക്കുമ്പോൾ അതിൻറെ ഒരു പകുതി ബംഗാൾ ഗവണ്മെൻറു് നമുക്കു് തരാമെന്നാണു് കരാറു്. പക്ഷെ നമുക്കു് ആദ്യം ചെലവാക്കിയേ ഒക്കുകയുള്ളൂ. ജൂട്ടു കൃഷി ൯൦ ദിവസംകൊണ്ടു് പൂർത്തിയാക്കാമെന്നാണു് അവരുടെ അഭിപ്രായത്തിൽനിന്നും മനസ്സിലാക്കുന്നതു്. നെൽക്കൃഷി കഴിഞ്ഞുള്ള ൯൦ ദിവസത്തിനകത്തു ഇതു് സംപൂർണ്ണമാക്കാവുന്നതിനാൽ നെൽകൃഷി തുടർന്നുകൊണ്ടു് പോകുന്നതിനും ഇതു് ബാധകമാകയില്ല. താമസിയാതെ തന്നെ ഈ കൃഷിയിൽനിന്നു വലിയ ആദായമുണ്ടാക്കാമെന്നുണ്ടു് അതിൽ പരിചയമുള്ളവർ പറയുന്നതു്.

MR. K. M. CHANDI : ആദായത്തിലും പകുതി ബങ്കാൾ ഗവണ്മെൻറിനു കൊടുക്കണമെന്നു കരാറുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : അങ്ങനെ ഫയലിൽ ഇല്ല. അതിനാൽ ഇതിലേക്കാവശ്യമുള്ള പണം നിയമസഭയിൽ നിന്നും അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

MR. THARIATHU KUNJITHOMMAN : പരീക്ഷണാർത്ഥം എട്ടോ പത്തോ ഏക്കർ കൃഷി ചെയ്താൽ പോരയോ ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : അൻപതിനായിരം വേണമെന്നാണ് ആദ്യം വിചാരിച്ചത്. എന്നാൽ പരീക്ഷണാർത്ഥമാകയാൽ രണ്ടായിരമാക്കിക്കുറച്ചു. ഈ കൃഷി നഷ്ടത്തിലാകുമെന്നു വിചാരിക്കാൻ ന്യായം കാണുന്നില്ല. അതുകൊണ്ടാണ് രണ്ടായിരം ഏക്കർ വേണമെന്നു ഗവണ്മെൻറിനു തോന്നിയിട്ടുള്ളതു്.

MR. THARIATHU KUNJITHOMMAN : ഈ കൃഷി, ഇവിടെ മുമ്പ് കുറെ നടത്തിയിട്ടുണ്ടായിരുന്നു. അതു് ലാഭകരമല്ലെന്നു കണ്ടതുകൊണ്ടാണു അതു നിർത്തിയതു്.

HON'BLE MR. T. K. NARAYANA PILLAI : അങ്ങനെയല്ലെന്നാണു അതിനെക്കുറിച്ചുള്ള അഭിപ്രായം പറയാൻ അവകാശമുള്ളവർ പറയുന്നതു്.

HON'BLE MR. A. J. JOHN : I Second the Motion.

MR. PRESIDENT : ആരെങ്കിലും അനുകൂലിച്ചോ പ്രതികൂലിച്ചോ സംസാരിക്കാനുണ്ടോ ?

MR. P. S. NATARAJA PILLAI : Sir, I welcome the decision of Government to implement the proposal to introduce jute cultivation in Travancore and to start experimental cultivation therefor. I also congratulate Government for starting the work in right earnest. But I wish to bring before the attention of Government one fact which is relevant in this connection. In the year 1085 there was a similar proposal in Travancore.

It was said jute cultivation was prevalent in Travancore years ago. If I remember correct jute cultivation is mentioned in one of the reports years ago, and it was said therein that the marshy areas in the forest could very profitably be utilised for jute cultivation. Now, because of the jute position in the Indian Union, the Central Government is trying to extend the area under jute cultivation. India was an exporting country as far as raw jute was concerned and the facilities for jute cultivation in Bengal were greater and perhaps a cultivation of jute here years ago would not have been profitable. Now, conditions have altogether changed, and as far as Indian Union territories are concerned, it is not self-sufficient to meet the demand for the jute industry. So inevitably jute cultivation has to be extended in India. And if there is a possibility for utilising the wide marshy areas in the forest for the cultivation of jute, I think it is a proposition that must engage the serious attention of Government. I would request the Government to enquire into the matter and get a report from the Forest Department. They should be asked to report whether they will not be able to use the forest marshy areas for jute

LIBRARY ARCHIVES Kerala Legislative Assembly

cultivation, rather than leasing reserve forests for temporary cultivation, which will lead to the exploitation of timber. Without doing that, jute cultivation can profitably be done in the marshy areas within the forests. I only wanted to bring this to the notice of Government so that they may enquire into the matter and make arrangements with the Forest Department to see whether there are possibilities for using the marshy areas in the forests for jute cultivation, without destroying the Reserve Forests. With this suggestion, Sir, I support the motion.

MR. K. K. CHELLAPPAN PILLAI : സർ, എനിക്കും ഈ ഡിമാൻറിനെ പിൻതാങ്ങിക്കൊണ്ടു ഒരു നിർദ്ദേശം നടത്തുകയാണു്. ചണംകൃഷിയെപ്പറ്റി അന്വേഷിച്ചിടത്തോളം വെസ്റ്റ്ബംഗാളിലാണു ഇതു കൂടുതൽ വിളയുന്നതെന്നും പ്രധാനമായി അവിടെ ഗംഗാനദീതീരങ്ങളിൽ ഈ കൃഷി നടത്തുന്നതുനിമിത്തം അവിടെ കൃഷി വളരെ അഭിവൃദ്ധിപ്പെട്ടുകാണുന്നുവെന്നും ഉപ്പുവെള്ളം കയറാത്തതുകൊണ്ടാണു കൃഷിക്കു ഈ അഭിവൃദ്ധിയുണ്ടായിട്ടുള്ളതെന്നുമാണു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. ചണംകൃഷി രണ്ടുതരത്തിലുണ്ടെന്നാണു എന്റെ അറിവു്. ഡ്രൈ കൾട്ടിവേഷൻ, അതായതു് മലംപ്രദേശങ്ങളിൽ കൃഷി ചെയ്യുന്നവയും വെറ്റ് കൾട്ടിവേഷൻ, അതായതു ഈർപ്പമുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നവയും ഇങ്ങനെ രണ്ടുവിധത്തിലുണ്ടു്. വെറ്റ് കൾട്ടിവേഷൻ നടത്തുമ്പോൾ ഒരു കയറാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. അതുകൊണ്ടു മി. നടരാജപിള്ള പറഞ്ഞതുപോലെ ഇതു പരീക്ഷണാർത്ഥം നടത്താൻ ഒരുങ്ങാതെ മലംപ്രദേശങ്ങളിലും അതുപോലെ ഓരു കയറാത്ത മാർഷി സ്ഥലങ്ങളിലും കൃഷി ചെയ്യുന്നോക്കി വേണ്ട പരിശോധനയും അറിവും ഉണ്ടായിക്കഴിഞ്ഞതിനുശേഷം വൻതോതിലുള്ള കൃഷി നടത്തിയാൽ മതിയെന്നാണു എന്റെ അഭിപ്രായം.

MR. K. M. KORAH (*Chenganacherry IV—General*): ഇപ്പോൾ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു ഓരു കയറാത്ത സ്ഥലങ്ങളാണെന്നു ബഹുമാനപ്പെട്ട മെംബർക്കു് അറിയാമോ?

MR. K. K. CHELLAPPAN PILLAI : എനിക്കു അതിനെപ്പറ്റി അറിവില്ല. അതുകൊണ്ടാണു ഞാൻ ഇതുയും പറഞ്ഞതു്.

MR. P. KUNJUKRISHNAN : സർ, ഇവിടെ കൂട്ടുകൃഷി തുടങ്ങുന്നതിനുള്ള ഗവണ്മെൻറു സംരംഭം സ്വാഗതാർഹം തന്നെയാണു്. രണ്ടായിരം ഏക്കർ സ്ഥലം എടുക്കാനാണു ഗവണ്മെൻറു ഇപ്പോൾ ഉദ്ദേശിക്കുന്നതെന്നു പറയുന്നു. ചണംകൃഷി ഒരു ഫുഡ് ക്രോപ്പു അല്ല. ഫുഡ് ക്രോപ്പു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. KunJu krishnan]

കൃഷിചെയ്യേണ്ട സ്ഥലങ്ങളിലാണ് ഇതു കൃഷിചെയ്യാൻ പോകുന്നതെന്നറിയുന്നു. എന്നാൽ ആ ഫുഡ്ക്രാപ്പ് ശരിയായി വളരുന്നതിന് യാതൊരു തടസ്സവും ഉണ്ടാകാത്ത നിലയിലും ആ നിലത്തിലെ വളം നഷ്ടപ്പെട്ടുപോകാത്ത നിലയിലും ഈ കൃഷി നടത്തുവാനായിരിക്കണം ശ്രമിക്കേണ്ടതെന്നാണ് എനിക്കു പറയുവാനുള്ളത്. ഇപ്പോൾ കൂട്ടുകൃഷി ഒരു വലിയ സംരംഭമായിത്തന്നെ ചെയ്യാനാണ് ഗവണ്മെൻറു ശ്രദ്ധിക്കുന്നത്. ഗവണ്മെൻറു അഭിമുഖ്യത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യാവസായികസംരഭങ്ങളിൽ ഗവണ്മെൻറിനു വലിയ വിജയമുണ്ടായിട്ടില്ലെന്നു നമുക്കറിയാം. ആ നിലയിൽ ഒരു പരാജയം ഈ സംരംഭത്തിനുണ്ടാകാതിരിക്കുവാൻ വേണ്ട നിഷ്കർഷ അതിന്റെ നടത്തിപ്പിൽ പ്രത്യേകിച്ചും ഉണ്ടായിരിക്കുവാൻ ഗവണ്മെൻറു ശ്രദ്ധിക്കണമെന്നു ഞാൻ ഈ അവസരത്തിൽ ഗവണ്മെൻറിനെ ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. മി. തര്യൻ കുഞ്ഞിത്തൊമ്മൻ പറഞ്ഞതുപോലെ ഇവിടെ മുൻപു നടത്തിക്കൊണ്ടിരുന്ന ചണംകൃഷി വലിയ ആളായകരമല്ലാതെപോയതുകൊണ്ടു നടത്തിക്കൊണ്ടുപോകുവാൻ കഴിയാതെ വന്നുവെന്നും ആ അനുഭവംവച്ചുകൊണ്ടു വലിയ തോതിൽ ഈ കൃഷി നടത്താൻ തുടങ്ങാതെ ചെറിയ തോതിൽ ആദ്യം പരീക്ഷിച്ചിട്ട് വലിയ തോതിലുള്ള കൃഷി തുടങ്ങിയാൽ പോരേ എന്നും ഗവണ്മെൻറു ആലോചിക്കേണ്ടതാണ്. ഇപ്പോൾ ബംഗാൾ ഗവണ്മെൻറു ഈ കൃഷി സംബന്ധിച്ചുണ്ടാകുന്ന ചെലവിന്റെ പകുതി തരുമെന്നു ഗവണ്മെൻറ് ഊഹിക്കുന്നു. അല്ലാതെ അവർ നിശ്ചയമായി തരുമെന്നു ഉറപ്പു തന്നിട്ടുള്ളതായി ഞാനറിയുന്നില്ല. പ്രധാനമന്ത്രിയുടെ പ്രസംഗത്തിൽനിന്നും എനിക്കു അങ്ങനെ മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല.

HON'BLE MR. T. K. NARAYANA PILLAI: അതു ബഹുമാനപ്പെട്ട മെംബർ എന്റെ പ്രസംഗം ശരിയായി കേൾക്കാത്തതുകൊണ്ടാണ്. ഒരു ഉറപ്പെന്ന നിലയിൽ ബംഗാൾ ഗവണ്മെൻറു അതു സമ്മതിച്ചിട്ടുണ്ട്.

MR. P. KUNJUKRISHNAN: ഏതായാലും രണ്ടായിരം ഏക്കർ സ്ഥലത്തു കൃഷിചെയ്താൽ ഗവണ്മെൻറിനു ആറരാണയും എന്തു കിട്ടുമെന്നു പ്രധാനമന്ത്രിയുടെ പ്രസംഗത്തിൽനിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതു ലാഭകരമായ ഒരു സംരംഭമാണെങ്കിൽ സ്വാഗതം ചെയ്യേണ്ടതുതന്നെയാണ്. വിശേഷിച്ചും ഇൻഡ്യ വിഭജിക്കപ്പെട്ടതിനുശേഷം ഈ കൃഷി

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും സ്വാഗതാർഹമാണെന്നു പറയാതെ തരമില്ല. ഇൻഡ്യയുടെ പൊതുവേയുള്ള രാജ്യക്ഷേമത്തിനും അഭിവൃദ്ധിക്കും ഏറ്റവും സഹായകരമായിത്തീരുന്ന ഒരു സംരംഭം കൂടിയാണിതു്. നമ്മുടെ ഭൂപ്രകൃതി ഇതിനു അനുകൂലമാണെന്നു പറയുന്നു. നമ്മുടെ വെറുലാൻറ് ഇതിൽ ഉപയോഗിക്കാമെന്നാണു പറയുന്നതു്. അതോടുകൂടി ഇവിടെ മറുചില സ്നേഹിതന്മാർ സൂചിപ്പിച്ചതുപോലെ ഈ കൃഷി ഡ്രൈലാൻറ് സിലും നടത്താമോ എന്നു പരീക്ഷിച്ചുനോക്കേണ്ടതാണു്.

MR. THARIATHU KUNJITHOMMEN : ചണം കൃഷിയെപ്പറ്റി എനിക്കും രണ്ടുവാക്കു പറയാനുണ്ടു്. ഇതു ആദായകരമായി വരുമെന്നു നമുക്കു് ബോദ്ധ്യപ്പെടുന്നതുവരെ വൻപിച്ച വ്യയംചെയ്തു രണ്ടായിരം ഏക്കർ സ്ഥലത്തു ഈ കൃഷി തുടങ്ങുന്നതു ഒരിക്കലും വിവേകമായിരിക്കുകയില്ലെന്നാണു എന്റെ അഭിപ്രായം. എന്റെ ബാല്യത്തിൽ വടക്കൻദിക്കുകളിൽ ചണംകൃഷിയുണ്ടായിരുന്നു.

MR. K. M. KORAH (*Changanacherry IV—General*) : അതു ഇപ്പോൾ കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന ജൂട്ടായിരുന്നോ?

MR. THARIATHU KUNJITHOMMEN : അതു ചണമായിരുന്നു. ജൂട്ടു എന്ന പദം ഇപ്പോൾ ഉണ്ടായതാണു്. അന്നു ആ പദം ആരും കേട്ടിരുന്നില്ല. അതു മഞ്ഞപ്പൂവോടുകൂടി ഏകദേശം തലയ്ക്കൊപ്പംവരുന്ന ഒരു ചെടിയായിരുന്നു. അതിന്റെ തൊലെടുത്തു വലയ്ക്കും മൂണ്ടൽചരടിനും മറ്റുമായി ഉപയോഗിക്കപ്പെട്ടുത്തിയിരുന്നു. ചുരുക്കംചില ആളുകൾ ചില ചെറിയതരം തോണ്ടുകൾ ഉണ്ടാക്കുവാനായി ഇതിന്റെ തൊലു ഉപയോഗിച്ചിരുന്നു. എന്നാൽ പിന്നീടു പുറത്തുനിന്നും നിസ്സാരമായ വിലയ്ക്കു ചണം തുൽ ധാരാളമായി വന്നതുനിമിത്തം ഈ കൃഷി നിന്നുപോയതാണെന്നാണു എന്റെ വിശ്വാസം.

ഇപ്പോൾ വിദഗ്ദ്ധന്മാർ ഇതിനെപ്പറ്റി ഒരഭിപ്രായം പറയാൻ കഴിവുള്ളവർ, ഇതു ആദായകരമായിരിക്കുമെന്നു പറഞ്ഞു എന്നാണു പ്രധാനമന്ത്രി പറയുന്നതു്. ഇതിനെപ്പറ്റി പറയുമ്പോൾ, എനിക്കു പറയുവാനുള്ളതു്, ഇതുപോലെ ആദായകരമെന്നു വിദഗ്ദ്ധന്മാർ പറഞ്ഞ പല കാര്യങ്ങളും നഷ്ടത്തിൽ കലാശിച്ചു എന്നുള്ളതുകൂടി നാം ഓർമ്മിക്കണമെന്നുള്ളതാണു്. ഉദാഹരണമായി പുകയിലകൃഷിതന്നെ എടുക്കുക. ഇവിടത്തെ ചില കൃഷിവിദഗ്ദ്ധന്മാർ ഇതു വളരെ ലാഭകരമായിരിക്കും എന്നു പറഞ്ഞു. ഡാക്ടർ കുഞ്ഞൻപിള്ള ഈ കൃഷി അഭിവൃദ്ധിപ്പെടുത്തുവാൻ വളരെ പരിശ്രമിച്ചു. ഒടുവിൽ ഇവിടത്തെ ഭൂസ്ഥിതിയും

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathn Kuju thomman]

ശതോഷ്ണാവസ്ഥയും ഈ കൃഷിക്കു പറ്റിയതല്ലെന്നു പറഞ്ഞു തള്ളുകയാണു് ചെയ്തതു്. അതുപോലെ നിലക്കടലക്കൃഷിയും ഇവിടെ ആരംഭിച്ചു. അതും ഒടുവിൽ പറ്റുകയില്ലെന്നു കണ്ടു. ബാംബെ പ്രസിഡൻസിക്കു പുറത്തു എല്ലാ സ്ഥലത്തും ഞാൻ സഞ്ചരിച്ചിട്ടുണ്ടു്. അവിടെ അനേകായിരം ഏക്കർ സ്ഥലത്തു കൃഷിചെയ്തു കൊണ്ടിരിക്കുന്ന കൃഷികളെല്ലാം ഇവിടെ പകർത്താമെന്നു നാം വിചാരിക്കുന്നതു ചിലപ്പോൾ മൗഢ്യമാണു്. ആളോഹരിക്കു 1.2 സെൻറു സ്ഥലം മാത്രമുള്ള ഈ രാജ്യത്തു് ചണം കൃഷിക്കുവേണ്ടി രണ്ടായിരം ഏക്കർ സ്ഥലം ഉപയോഗിക്കരുതെന്നാണു എൻെറ അഭിപ്രായം. ബാംബെ പ്രസിഡൻസിയിലും അതുപോലെ മദ്രാസുപ്രസിഡൻസിയിലും മറ്റുമുള്ള സ്ഥലങ്ങളും മിക്കവാറും ഊഷരഭൂമികളാണു്. അവിടെ അനേകായിരം ഏക്കർ സ്ഥലം എടുത്തു ഇത്തരം കൃഷികൾ പരീക്ഷിച്ചു നോക്കുന്നതിൽ വലിയ അബദ്ധമില്ല. എന്നാൽ നമ്മുടെ ഭൂമി ഉർവ്വരയാണു്. സർവ്വസസ്യാഢ്യയാണു്. മധുര, രാമനാടു മുതലായ ഡിസ്ട്രിക്ടുകളിൽ ആളോഹരിക്കു നാലും അഞ്ചും ഏക്കർ സ്ഥലമുണ്ടു്. എന്നാൽ നമ്മുടെ സ്ഥിതിയോ? ഫാമ്പ്രയിഷ്ടമായ വളരെ കുറച്ചു സ്ഥലം മാത്രമുള്ള ഈ രാജ്യത്തു കേവലം പരീക്ഷണത്തിനുവേണ്ടി ഇങ്ങനെ സ്ഥലം ടർപിനിയോഗം ചെയ്യരുതെന്നാണു എൻെറ അഭിപ്രായം. ഒരു കാര്യം ഉള്ളവനു് വേറു അറിഞ്ഞുകൂടാ എന്നു ഒരു ഗ്രാമീണ പഴഞ്ചൊല്ലുണ്ടു്. വനത്തിൽനിന്നു ഒരു സെൻറുസ്ഥലംപോലും കൊടുക്കരുതു് കൊടുത്താൽ രാജ്യം മുടിഞ്ഞുപോകും എന്നു പറയുന്നവർ ഇതു അധികം സ്ഥലം പരീക്ഷണാർത്ഥം ഒരു കൃഷി നടത്തുന്നതിനു ഉപയോഗിക്കണമെന്നു പറയുന്നതു എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇതു വളരെ ആദായകരമായ ഒരു കൃഷി ആണെന്നു പറയുന്നു. ഞാൻ പത്രങ്ങളിൽ കണ്ടതു ഇതു ഒരേക്കറിൽനിന്നു നൂറോ നൂറിനാല്പതോ രൂപാ ആദായംകിട്ടുന്ന ഒരു കൃഷിയാണെന്നാണു്. ആ സ്ഥലത്തു ഇഞ്ചി കൃഷിചെയ്താൽ ഇതിൽ കൂടുതൽ ആദായം കിട്ടും. കപ്പകൃഷിചെയ്താലും ഇതിൽ കൂടുതൽ ആദായം കിട്ടും. നമുക്കു വളമില്ല. ബാംബെയിൽനിന്നു വളം വന്നില്ലെങ്കിൽ മദ്രാസു പ്രസിഡൻസിയിൽനിന്നു നിലക്കടല പിണ്ണാക്കു കിട്ടിയില്ലെങ്കിൽ, നമ്മുടെ കൃഷി വളരെ പരുങ്ങലിലാണു്. ബാംബെക്കു അപ്പുറത്തുള്ള സ്ഥലങ്ങളുടെ നില അതല്ല. അവിടെ വേണ്ടുവോളം

LIBRARY ARCHIVES Kerala Legislative Assembly

പച്ചിലവളങ്ങൾ തന്നെയുണ്ട്. എത്ര അമോണിയംസൾഫേറ് ഉണ്ടാ യാലും പച്ചിലവളവും കന്നുകാലികളുവും ഇല്ലാതെ ഇവിടെ ഒരു കൃഷിയും അഭിവൃദ്ധിപ്പെടുകയില്ല. പശ്ചിമഘട്ടത്തിനപ്പുറത്ത് ഇവയെല്ലാം സുലഭ മായി ലഭിക്കും. അവിടെ ധാരാളം പച്ചിലകളും കന്നുകാലി മേച്ചിൽ സ്ഥലങ്ങളുമുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ ഇത്തരം കൃഷികർമം നടത്താം. ഉള്ള വളത്തെക്കൂടി ഉരുപയോഗപ്പെടുത്തത്തക്കനിലയിൽ ഇങ്ങനെ വൻപിച്ച ഏരിയ ഇത്തരം കൃഷികർമക്കായി ഉപയോഗിക്കരു തെന്നാണ് എനിക്കു വീണ്ടും പറയാനുള്ളത്. കണ്ണും അടച്ചു നാം ഒന്നിലും ചെന്നു ചാടരുത്. പരീക്ഷണാർത്ഥം പത്തോ ഇരുപതോ ഏക്കർ സ്ഥലം എടുത്തു കൃഷിചെയ്യാവുന്നതാണ്. ഇതിൽനിന്നു ശരിക്ക് ആദായം കിട്ടുമെങ്കിൽ നമ്മുടെ വനം മുഴുവനും ഈ കൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്താം. നെൽകൃഷിക്കോ അതുപോലെയുള്ള കൃഷി കർമത്തിനോ കൊടുക്കരുതെന്നേയുള്ളൂ. അതുകൊണ്ടു രണ്ടായിരം ഏക്കർ സ്ഥലം ഇതിനുവേണ്ടി എടുക്കുന്നതു നല്ലതാണെന്നാണ് എന്റെ അഭി പ്രായം.

MR. CHERIYAN J. KAPPAN (*Meenachil III—General*) : ഇൻഡ്യാ ഗവണ്മെൻറിൽനിന്നും അയച്ചിട്ടുള്ള വിദഗ്ധന്മാരോടു് ഇവിടെ പരീക്ഷ ണാർത്ഥം രണ്ടായിരം ഏക്കർ സ്ഥലത്തു കൃഷിചെയ്യാമെന്നു വാക്കുകൊ ടുത്തതിനുശേഷം പിന്നീടു് അങ്ങനെ ചെയ്യാതിരിക്കുന്നതു നമ്മുടെ ഗവ ണ്മെൻറിനു് അക്ഷോപകരമല്ലേ ?

MR. THARIATHU KUNJITHOMMAN : അതു് അക്ഷോപകരമാണെന്നു പറഞ്ഞതുകൊണ്ടു കാര്യമായില്ല. പരീക്ഷിച്ചിട്ടുവേണം കാര്യങ്ങൾ തീർച്ചപ്പെടുത്തുവാൻ. മുത്തോരുചൊല്ലും മുതുനെല്ലിക്കയും ആദ്യം കയ്ക്കും പിന്നെ മധുരിക്കും എന്നാണു പറയുന്നതു്. അതിനാൽ ആദ്യ മായി പരീക്ഷിച്ചു് അറിയുകയാണു വേണ്ടതു്?

MR. K. M. KORAH : എന്റെ സ്നേഹിതൻ മി. തരിയത്തുകുഞ്ഞിത്തൊ മ്മനു ജൂട്ടുകൃഷിയെ സംബന്ധിച്ചു ഒരു തെറ്റിദ്ധാരണ ഉണ്ടെന്നു തോന്നുന്നു. ജൂട്ടുകൃഷി നെൽകൃഷിക്കു ഹാനികരമായിഭവിക്കുമെന്നു് അദ്ദേഹം പറഞ്ഞു. ഇവിടെ ജൂട്ടുകൃഷി ചെയ്യാൻ പോകുന്നതു് Low lands-ൽ അല്ല. അതായതു് ൽ 0 ദിവസംകൊണ്ടു് അതിന്റെ വിളവു പുത്തിയാവും. രണ്ടുതരം ജൂട്ടുണ്ടു്. അതിൽ ഒന്നു് ശ്രീ. പി. എസ്. നടരാജപിള്ള പറഞ്ഞ ടൈലാൻറ് ജൂട്ടാണു്. അതും ഇവിടെ പരീക്ഷിച്ചുനോക്കേണ്ടതാണു്. ഫ 0 ദിവസം അതിനാവ ശ്യമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

MR. S. KUTTAN : മി. തയ്യുകുഞ്ഞിത്തൊമ്മൻ പറഞ്ഞു അദ്ദേഹത്തിന്റെ ചെറുപ്പകാലത്തു് ഈ കൃഷി മലയിൽ ഉണ്ടായിരുന്നുവെന്നും അതിനു ധാരാളം ദിവസം വേണമെന്നും.

MR. K. M. KORAH : എന്റെ അറിവിൽപ്പെട്ടിടത്തോളം അതു് ഒരുപ്പു കൃഷിചെയ്യുന്ന സ്ഥലങ്ങളിലാണു് കൃഷി ചെയ്യുന്നതു്. ൯൦ ദിവസം കൊണ്ടു് അതുവിളയും പിന്നെ വീണ്ടും നിലം ഒരുക്കി നെൽക്കൃഷി ചെയ്യുകയും ചെയ്യാം. നാം ഉദ്ദേശിക്കുന്നതുപോലെ വളം വലിച്ചെടുക്കുന്ന ഒരു ചെടിയല്ല അതു്. അദ്ദേഹം പറഞ്ഞു അതു് ഒരാറംപ്പൊക്കമുള്ള ചെടിയാണെന്നു്. ഇവിടെ കൃഷിചെയ്യുവാൻ ഉദ്ദേശിക്കുന്ന Jute ഫ്ലഡ്, ഫ്രഷ് അടിവരെ വളരും. അതിന്റെ ഇല കൊഴിഞ്ഞു് അതു ഭൂമിക്കു വളമായിതീരും. എന്റെ അറിവിൽപ്പെട്ടിടത്തോളം നാം തിരുവിതാംകൂറിൽ ഈ കൃഷി ആരംഭിക്കാൻ പോകുന്നതു് ബംഗാളിലെ കൃഷിക്കാർക്കു് അസുഖകരമായിരിക്കുന്നുവെന്നാണു്. കുട്ടനാട്ടിലെ പുഞ്ചനിലങ്ങളിൽ ഇഞ്ചി, കപ്പ മുതലായവ കൃഷി ചെയ്യുന്നതിനു നിവൃത്തിയില്ല. ഞാൻ ഉദ്ദേശിക്കുന്നതു കുട്ടനാട്ടിലെ പുഞ്ചനിലങ്ങളിൽ കൃഷി ചെയ്യാൻ സൗകര്യമില്ലാതെ കിടക്കുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്യാമെന്നാണു്. ഒറ്റ ക്രോപ്പുകൊണ്ടു് ഏക്കറിനു ഫ്ലഡ്ം രൂപായിൽ കുറയാതെ ആദായം കിട്ടും മറ്റൊരു ഗുണംകൂടി ഈ ജൂട്ടു് കൃഷിക്കുള്ളതു് ഇതു് ഇൻഡ്യാഗവണ്മെന്റിന്റെ ഒരാവശ്യംകൂടിയാണെന്നുള്ളതാണു്. ഇതു് കൃഷിചെയ്യാൻ സാധിച്ചാൽ ഒരു സബ്സിഡികൂടി ഇൻഡ്യാഗവണ്മെന്റിൽനിന്നു കിട്ടാൻ നമുക്കു സാധിക്കുമെന്നു ഈ സഭയെ ഞാൻ അറിയിച്ചുകൊള്ളുന്നു. ഇതു വിജയത്തിൽ എത്തുമോയെന്നുള്ളതിൽ മി. തയ്യുകുഞ്ഞിത്തൊമ്മനും മറ്റു ചിലർക്കും സംശയമുള്ളതായി തോന്നുന്നു. അതിന്റെ ഉത്തരവാദിത്വം India Govt. നാണു്. ഒരു ലേമാൻ എന്ന നിലയിൽ ഈ കൃഷി ഇവിടെ വിജയപ്രദമായി നടത്താമെന്നു് എനിക്കു തോന്നുകയും നാം ആവശ്യപ്പെട്ടതനുസരിച്ചു് ഇൻഡ്യാഗവണ്മെന്റിന്റെ ജൂട്ടു് കൃഷിയുടെ ചാർജ്ജുവഹിക്കുന്ന ഒരുദ്യോഗസ്ഥൻ ഇവിടത്തെ സോയിൽ പരിശോധിച്ചതിനു ശേഷം ബംഗാളിലെ ഫെസിലിറ്റീസ് ഇവിടെ ഉണ്ടെന്നു പറഞ്ഞതിന്റെ ശേഷം മാത്രമേ ഗവണ്മെന്റു് ഈ സംഗതിയിൽ ഏർപ്പെട്ടുകയും ഉണ്ടായുള്ളൂ.

MR. K. K. CHELLAPPAN PILLAI : ഒരേക്കറിൽ കൃഷിചെയ്യാൻ എത്ര ചെലവുണ്ടു്?

MR. K. M. KORAH : ഒരേക്കറിനു് അതാതു സ്ഥലങ്ങളിലെ ഉഴവു ചെലവു്.

LIBRARY ARCHIVES Kerala Legislative Assembly

MR. THARIATHU KUNJITHOMMAN : പത്തേക്കർ സ്ഥലത്തു കൃഷി ചെയ്തിട്ടു ആദായകരമാണെന്നു കണ്ടാൽ പിന്നെ മറ്റു സ്ഥലത്തു കൃഷി ചെയ്താൽ പോരെ? ൯൦ ദിവസംകൊണ്ടു ഫലം അറിയാമല്ലോ?

MR. K. M. KORAH: പ്രധാനമന്ത്രി അദ്ദേഹത്തിന്റെ ഡിമാൻഡ് പ്രസംഗത്തിൽ സൂചിപ്പിച്ചതുപോലെ ൫,൦൦൦ രൂപാ തന്നെ ഇതിനു ചെലവാക്കേണ്ടി വരികയില്ല. കൃഷി എങ്ങനെ വന്നാലും സീഡിന്റെ പകുതിവില മാത്രമേ അവർ ആവശ്യപ്പെടുകയുള്ളൂ. ൫,൦൦൦ ഏക്കർ സ്ഥലത്തു കൃഷിചെയ്താലും അതുകൊണ്ടു നെൽകൃഷിക്ക് ദോഷംവരാൻ പോകുന്നില്ല. ബംഗാൾ ഗവണ്മെന്റിൽ ഒരു ഉയർന്ന ഉദ്യോഗംവഹിക്കുന്ന ഡാ: ഗ്രിഗറി, അദ്ദേഹം ഇൻഡ്യാ ഗവണ്മെന്റിന്റെ ആഗ്രിക്കൽച്ചറൽ ഡെപ്യൂട്ടി ഡയറക്ടർ ആണെന്നാണ് എന്റെ ഓർമ്മ, തിരുവിതാംകൂറിൽ വന്നപ്പോൾ കുട്ടനാടൻ പ്രദേശങ്ങൾ പരിശോധിച്ചു, അദ്ദേഹത്തെ ഞാൻ കണ്ടപ്പോൾ ഇവിടെ ഇതു പരിശോധിക്കേണ്ട ഒരു കൃഷിയാണെന്നും അതു വിജയപ്രദമാകുമെന്നും പറഞ്ഞു. ആ സ്ഥിതിക്ക് പറയത്തക്ക മുതൽമുടക്കില്ലാത്തതും നെൽകൃഷിക്കു് യാതൊരു ദോഷവുമില്ലാത്തതുമായ ഈ കൃഷി ഒന്നു പരീക്ഷിച്ചു നോക്കണമെന്നാണ് എന്റെ അഭിപ്രായം.

MR. THARIATHU KUNJITHOMMAN : അതു കുട്ടനാട്ടിൽ മാത്രം ഇപ്പോൾ കൃഷി ചെയ്താൽപോരേ?

MR. K. M. KORAH : വനത്തിൽ കൃഷിചെയ്യാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല. ലോ ലാൻഡ്സിൽ മാത്രമേ കൃഷി ഇപ്പോൾ ചെയ്യുന്നുള്ളൂ.

MR. VARGHESE AUGUSTINE (*Ambalapuzha III—General*) : സർ, പുതിയ സംരംഭങ്ങൾ വരുമ്പോൾ അതിനെ എതിർക്കുക എന്നുള്ളതു് സാധാരണമാണു്. സാങ്കേതികമായ അറിവിനെ അടിസ്ഥാനമാക്കി പരീക്ഷണങ്ങൾ നടത്തി അവയെ വിജയത്തിൽ എത്തിച്ചതിന്റെ ഫലമായിട്ടാണു് ലോകം ഇന്നു പുരോഗമിച്ചുകൊണ്ടിരിക്കുന്നതു്. പല പരീക്ഷണങ്ങളുടേയും ഫലമായിട്ടാണു് നവീനങ്ങളായ പല സംഗതികളും ഇന്നു ലോകത്തിൽ ഉപയോഗപ്രദമായിത്തീർന്നിട്ടുള്ളതു്. കൃഷി സംബന്ധിച്ചുള്ള ഗവേഷണങ്ങൾ ഒന്നും തിരുവിതാംകൂറിലില്ല. നേരെ മറിച്ചു് കൃഷിസംബന്ധമായി സാങ്കേതികമായ പരിശീലനവും വൈദഗ്ദ്ധ്യവും നിലവിലുള്ള റഷ്യ, ജർമ്മനി മുതലായ രാജ്യങ്ങളിൽ കൃഷി വളരെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു്. അവിടെ പുതിയതരം വിത്തുകൾ കണ്ടുപിടിച്ചു് വിളവു വർദ്ധിപ്പിക്കുന്നുണ്ടു്. ഇതൊന്നും ഈ രാജ്യത്തു പരീക്ഷിച്ചുനോക്കിയിട്ടില്ല. എന്തെങ്കിലും പുതിയതായി കൊണ്ടുവരുമ്പോൾ അതിനെ സ്വാഗതം ചെയ്യുകയുമില്ല. ഈ കൃഷി കുട്ടനാട്ടിൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Varghese Augustine]

ഏതു ഭാഗത്തും പരീക്ഷിച്ചുനോക്കാം. തന്മൂലം നെൽകൃഷിക്ക് ഉപദ്രവ മുണ്ടാകയില്ല. ഒന്നും കൃഷിചെയ്യാത്ത സ്ഥലങ്ങളിൽ മൂന്നുമാസംകൊണ്ടു എന്തെങ്കിലും വിളയിക്കാൻ സാധിക്കുമെങ്കിൽ അതു രാജ്യത്തിനു വളരെ നന്മതന്നെ ആയിരിക്കും. ഒരു ഗവേഷണത്തിനാണ് ഈ ൬,൦൦൦ രൂപ ചെലവാക്കുന്നതു്. അതു ഒരുപക്ഷെ നഷ്ടപ്പെട്ടുപോയാൽതന്നെ എന്താണുണ്ടാകാൻ പോകുന്നതെന്നു ഞാൻ ചോദിക്കുന്നു. അതു കൊണ്ടു ഇങ്ങനെയുള്ള കാര്യങ്ങളിൽ എതിർക്കുന്നതു ശരിയല്ല. വേറെ എന്തെങ്കിലും വിദഗ്ധാഭിപ്രായം അറിയണമെന്നുണ്ടെങ്കിൽ വെളിയിൽ നിന്നു് ആളെ കൊണ്ടുവന്നു എങ്കിലും അന്വേഷണം നടത്തണം. കൃഷി രീതിയിൽ മാത്രമല്ല ഇപ്രകാരം പരീക്ഷണം നടത്തേണ്ടതു്. മറ്റു പല തിലുമുണ്ടു്. കൃഷിഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം വിപുലപ്പെടുത്തു കയും വേണമെങ്കിൽ വിദഗ്ദ്ധന്മാരെ വെളിയിൽനിന്നു കൊണ്ടുവന്നും അല്ലെങ്കിൽ ഇവിടെയുള്ളവരെ വെളിയിൽ അയച്ചു് ഗവേഷണം പഠി പ്പിച്ചു് ആയാലും ഇതു പരീക്ഷിച്ചു നോക്കണം. അതുകൊണ്ടു് ചണം കൃഷി ഈ രാജ്യത്തു പരീക്ഷിച്ചുനോക്കുകയും അതു വിജയപ്രദമാണെന്നു കണ്ടാൽ അതു വിപുലപ്പെടുത്തുകയും ചെയ്യണം. അതിനു ചില നിർദ്ദേ ശങ്ങളും എനിക്കു നൽകാനുണ്ടു്. ഒന്നാമതു് ഏതുതരം മണ്ണിൽ ഇതു വളരുമെന്നും മറ്റുമുള്ള സംഗതികളെക്കുറിച്ചുമുള്ള വിവരങ്ങൾ അട ങ്ങിയ ലഘുലേഖകൾ തിരുവിതാംകൂർ ഗവണ്മെൻറിൽനിന്നോ അല്ലെ ങ്കിൽ ബംഗാൾ ഗവണ്മെൻറു മുഖേനയോ പൊതുജനങ്ങളുടെ ഇടയിൽ അച്ചടിച്ചു് വിതരണം ചെയ്യണം. പൊതുജനങ്ങൾക്കു് ഇതു സംബ ന്ധിച്ചു് ആവശ്യമായ എല്ലാ പ്രോത്സാഹനങ്ങളും നൽകണം. ഇതുയും പറഞ്ഞുകൊണ്ടു ഞാനിതിനെ പിൻതാങ്ങുന്നു.

HON'BLE MR. T. K. NARAYANA PILLAI : മറുപടി പ്രസംഗത്തിൽ പ്രത്യേകമായി ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. ഈ വക സംഗ തികളെക്കുറിച്ചു് വളരെ സൂക്ഷ്മമായി പഠിച്ചിട്ടുള്ള എന്റെ സ്നേഹി തൻ ശ്രീ. കെ. എം. കോര പറഞ്ഞ അഭിപ്രായത്തോടു ഞാൻ പരി പൂർണ്ണമായി യോജിക്കുന്നു. മി. തയ്യൂ കുഞ്ഞിത്തൊമ്മൻ അദ്ദേഹ ത്തിന്റെ ബാല്യദശയിൽ ഉണ്ടായിട്ടുള്ള ചില സംഗതികളെക്കുറിച്ചു പറഞ്ഞു. എനിക്കു അദ്ദേഹത്തോടു പറയാനുള്ളതു് അതിനുശേഷം ലോകം പലവിധത്തിൽ മുമ്പോട്ടു കുതിച്ചു കയറിട്ടുണ്ടെന്നാണ്. രാഷ്ട്രീ യമായും സാമ്പത്തികമായും പല സംഭവവികാസങ്ങളും ലോകത്തിൽ അതിനു ശേഷം നടന്നിട്ടുണ്ടു്.

MR. THARIATHU KUNJITHOMMAN : അതനുസരിച്ചു നമ്മുടെ ഭൂമിയും കാലദേശാവസ്ഥകളും മാറിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : മി. തയ്യുള്ള കഞ്ഞിത്തൊമ്മൻ പറയുന്ന ചണം ഗോൾഡ് ഫൈബറാണെന്ന ഇപ്പോഴെങ്കിലും അദ്ദേഹം ധരിച്ചാൽ കൊള്ളാം. ഏതായാലും ജൻഡ്യുയും പാകിസ്ഥാനും തമ്മിലുള്ള പാർട്ടിഷനുശേഷം ഇൻഡ്യൻയൂണിയൻ ഗവണ്മെന്റിനു ജൂട്ടിനു വളരെ ക്ഷാമം നേരിട്ടിട്ടുണ്ട് എന്നു നാം മനസ്സിലാക്കണം. ഒരു ഗ്രോ ജൂട്ട് കമ്പനിയിൻതന്നെ ഇൻഡ്യൻയൂണിയൻ ഗവണ്മെന്റിന്റെ അഭിമുഖ്യത്തിൽ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടെന്നും നാം വിസ്മരിക്കാൻ പാടില്ല. ആ സംരംഭങ്ങളുടെ ഫലമായിട്ടാണ് ഡാ: കണ്ടെയുമായി നാം കത്തിടപാടുകൾ നടത്തിയിട്ടുള്ളത്. ഇന്നു മദ്രാസിൽതന്നെ മൂന്നു ജൂട്ട് മില്ലുകൾ ഉണ്ട്. അവിടത്തെ ആവശ്യത്തിനുള്ള ജൂട്ട് ബംഗാളിൽനിന്നാണ് വരുത്തുന്നത്. ഈ പരിതഃസ്ഥിതിയിൽ യാതൊരു ബുദ്ധിമുട്ടും കൂടാതെതന്നെ നമുക്ക് നല്ല ജൂട്ട് മാർക്കറ്റ് കണ്ടുപിടിക്കാൻ സാധിക്കും. അതുകൊണ്ട് ഇത് ആദായകരമാണെന്നുള്ളതിൽ സംശയമില്ല. പിന്നീട് അദ്ദേഹം പറഞ്ഞത് പത്തേക്കർ സ്ഥലത്തു കൃഷിചെയ്തു പരീക്ഷിച്ചുനോക്കിയാൽ പോരെ എന്നാണ്. എനിക്കു അതിനു മറുപടി പറയാനുള്ളത് പണം ചെലവാക്കി കൃഷിചെയ്യുകയാണെങ്കിൽ ൨,൦൦൦ ഏക്കർ സ്ഥലം തന്നെ എടുത്തു കൃഷി ചെയ്താൽ അതായിരിക്കും കൂടുതൽ ആദായകരമെന്നാണ്. ശ്രീ. കെ. എം. കോര പറഞ്ഞു ഡാ: ഗ്രിഗറി തിരുവിതാംകൂർ സന്ദർശിച്ചപ്പോൾ തിരുവിതാംകൂറിലെ മണ്ണ് ഇതിനു പറ്റിയതാണെന്ന് അഭിപ്രായപ്പെടുകയുണ്ടായെന്ന്. അങ്ങനെ പല വിദഗ്ദ്ധന്മാരുടെ അഭിപ്രായത്തെ അടിസ്ഥാനമാക്കി ഗവണ്മെന്റ് ഈ സംരംഭത്തിൽ പ്രവേശിച്ചിട്ടുള്ളതുകൊണ്ട് ആശങ്കയ്ക്കു വകയില്ല എന്ന് ഞാൻ ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിച്ചുകൊള്ളട്ടെ. ഇതിന്റെ വളത്തെക്കുറിച്ച് എന്റെ സ്നേഹിതൻ പറഞ്ഞു. അതിനു ഒരു മറുപടി ശ്രീ. കെ. എം. കോര പറഞ്ഞു. വളത്തെ സംബന്ധിച്ചുള്ള വിദഗ്ദ്ധാഭിപ്രായംകൂടി ഞാൻ പറയാം. പയറുവിൻചാണകം, മരംകത്തിച്ചകരി, വെള്ളപ്പോള ഇവ മാത്രമാണ് സാധാരണയായി ജൂട്ട് കൃഷിക്ക് ഉപയോഗിക്കുന്നത്. അതിൽനിന്നു വീഴുന്ന പഴുത്ത ഇല നെൽകൃഷിക്ക് ഉപകാരപ്രദമായിരിക്കും. അതുകൊണ്ട് എല്ലാ വിധത്തിലും ജൂട്ടുകൃഷി ആവശ്യമാണെന്നും ഇതു തുടർച്ചയായി നടത്തിയാൽ തിരുവിതാംകൂറിന്റെ ആദായം വർദ്ധിക്കുമെന്നും വിശ്വസിക്കുന്നതിനു മതിയായ കാരണമുണ്ട്. അതിനാൽ ഈ ഗ്രാന്റ് അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

MR. MANNAR GOPALAN NAIR : ഈ ദ്രവ്യത്തെക്കുറിച്ചുള്ള വിദഗ്ദ്ധാഭിപ്രായം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI: ഞാൻ ഇതു വായിക്കാം.

"The following conditions are required for jute cultivation: High temparature, deep soil of fairly fine texture, rain fall of 48 inches so distributed that while the young plants have enough moisture, the bulk of the fall taking place when the crop is more mature and sufficient supply of clear retting water."

MR. K. K. CHELLAPPAN PILLAI : ഈ കൃഷിക്കുവേണ്ട മേൽ നോട്ടം ആരാണ് വഹിക്കുന്നത്?

HON'BLE MR. T. K. NARAYANA PILLAI: തിരുവിതാംകൂർ ഗവണ്മെൻറുതന്നെ. തിരുവിതാംകൂർ ഗവണ്മെൻറിൽനിന്ന് ഇതിലേക്ക് ഒരു ഇൻസ്പെക്ടരെ നിയമിക്കുന്നതാണ്. അദ്ദേഹത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതിന് ഫീൽഡ് അസിസ്റ്റൻറന്മാരും കാണും. അവര ബംഗാളിൽനിന്നും പരിശീലനം സിദ്ധിച്ചിട്ടുള്ളവരുമാണ്.

MR. K. K. CHELLAPPAN PILLAI : ഓരുവെള്ളം ഇതിനു ബാധകമാകുമോ?

HON'BLE MR. T. K. NARAYANA PILLAI : ഇല്ല. അഥവാ ഓരായിരുന്നാൽ ഓരില്ലാത്ത സ്ഥലങ്ങൾ തിരഞ്ഞെടുക്കാം.

MR. MOHAMMED MUSTAFA : ഇങ്ങനെ കൃഷിചെയ്യുന്ന ജൂട്ട് മുഴുവനും ഒടുവിൽ ഇൻഡ്യാഗവണ്മെൻറിനു കൊടുക്കേണ്ടിവരുമോ?

HON'BLE MR. T. K. NARAYANA PILLAI : അങ്ങനെ വരികയില്ല. ഇവിടെ മിൽ ഉണ്ടാക്കാൻ സാധിക്കുമെങ്കിൽ നമുക്ക് പ്രയാസമില്ല.

MR. K. K. CHELLAPPAN PILLAI: ഇപ്പോൾ എവിടെയാണ് സ്ഥലമെടുക്കാൻ നിശ്ചയിച്ചിരിക്കുന്നത്?

HON'BLE MR. T. K. NARAYANA PILLAI : അവസാനമായി തീർച്ച ചെയ്തിട്ടില്ല.

MR. K. RAMAKRISHNA PILLAI: കുട്ടനാടൻ പ്രദേശങ്ങളിൽക്കൂടി ഉപ്പുപ്പെട്ടിയിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഉണ്ട്. സ്ഥലങ്ങൾ വേണമെങ്കിൽ ഞാൻ വായിക്കാം.

MR. THARIATHU KUNJITHOMMAN : കൃഷിക്കാരുടെ സ്ഥലമാണോ പൊന്നുംവിലകൊടുത്തു് എടുത്ത സ്ഥലമാണോ കൃഷിക്കുപയോഗിക്കാൻ പോകുന്നത്?

HON'BLE MR. T. K. NARAYANA PILLAI : കൃഷിക്കാരുടെ സ്ഥലത്തുതന്നെയാണ്. അവർക്ക് പ്രോത്സാഹനം നൽകി, അവരെക്കൊണ്ട് കൃഷിചെയ്യണമെന്നാണ് വിചാരിക്കുന്നത്. കൃഷിചെയ്യാൻ ഉദ്ദേശി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന സ്ഥലങ്ങൾ മാവേലിക്കര, ചങ്ങനാശ്ശേരി, കുട്ടനാട്, അമ്പലപ്പുഴ ഇവയാണ്. മി. പി. എസ്സ്. നടരാജപിള്ള പറഞ്ഞതുപോലെ ഫാറസ്റ്റ് കൺസർവേറ്ററുമായി ആലോചിച്ച് നല്ല സ്ഥലം കിട്ടുമെങ്കിൽ അതേക്കുറിച്ചും ആലോചിക്കുന്നതാണ്.

MR. K. RAMAKRISHNAN ACHARI (*Nedumangad II—Kammala*) : കൃഷിഡിപ്പാർട്ടുമെൻറിനെക്കൊണ്ട് ഇതു നടത്തിക്കണമെന്നു വിചാരിക്കുന്നുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഇല്ല.

MR. KANNARA GOPALA PANICKER : ൨൦൦൦ ഏക്കർ സ്ഥലത്തു കൃഷിചെയ്താൽ എന്താദായം കിട്ടും?

HON'BLE MR. T. K. NARAYANA PILLAI : ഏക്കറിനു ൨൦-നും ൩൦൦-നും രൂപയ്ക്കു മദ്ധ്യേ ആദായം കിട്ടുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

The motion was put and carried.

The demand was passed and the grant made.

38. MISCELLANEOUS DEPARTMENTS.

HON'BLE MR. N. KUNJURAMAN: Sir, I move for a gran tof Rs. 21,000 under the Head "38 Miscellaneous Departments" in the current year's budget for expenditure on account of the Trivandrum Public Library.

HON'BLE MR. A. J. JOHN: I second it.

HON'BLE MR. N. KUNJURAMAN : സർ, ഈ കുംഭമാസം ഒന്നാംതീയതി മുതൽ തിരുവനന്തപുരം പബ്ലിക്ക് ലൈബ്രറിയുണ്ടു വെഴ് സിറ്റിയുടെ കീഴിൽനിന്നും മാറ്റി ഇപ്പോഴത്തെ ഗവണ്മെൻറിന്റെ കീഴിൽ ആക്കീട്ടുണ്ട്. അതിനിടയാക്കിയതു കഴിഞ്ഞ നിയമസഭാകാലത്തു് ഈ നിയമസഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളും ശക്തിയായി അഭിപ്രായപ്പെട്ടിരുന്നതുകൊണ്ടാണ്. അതുപോലെതന്നെ ഇന്നു തിരുവനന്തപുരം പബ്ലിക്ക് ലൈബ്രറിക്ക് പുസ്തകങ്ങളും പീരിയാഡിക്കൽസും വാങ്ങുന്നതിനുള്ള ഗ്രാൻറ് വളരെ കുറവാണെന്നും അതിലേക്ക് ന്യായമായ ഒരു ഗ്രാൻറ് അനുവദിക്കണമെന്നും സഭ പ്രസ്താവിക്കയുണ്ടായി. അതിനെ അടിസ്ഥാനത്തിൽ അയ്യായിരം രൂപയെങ്കിലും പുസ്തകങ്ങളും പീരിയാഡിക്കൽസും വാങ്ങുന്നതിനു കൂടുതൽ ഗ്രാൻറായി കൊടുക്കണമെന്ന് ഗവണ്മെൻറ് തീരുമാനിച്ചു. ഇന്ന് അനുവദിച്ചിട്ടുള്ള ഗ്രാൻറ് അതായതു് ൧൫൮൫-ൽ അനുവദിച്ചിട്ടുള്ള ഗ്രാൻറ് കേവലം ൭൫൦൦ രൂപയാണ്. അതു മതിയാകാത്തതുകൊണ്ട് അധികം ആവശ്യമായിട്ടുള്ളതുകയാണ് ഈ അയ്യായിരം

LIBRARY ARCHIVES Kerala Legislative Assembly